3995
24/2/18

**കേരള സർക്കാർ**
**സംഗ്രഹം**

വിജിലൻസ് വകുപ്പ്- റിട്ടയേർഡ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ. കെ.വി കൃഷ്ണനെതിരെ അച്ചടക്കനടപടി - പുനഃപരിശോധിച്ച് - ഉത്തരവാകുന്നു.

**വിജിലൻസ് (ഇ) വകുപ്പ്**

**സഉ(കൈ)നം. 6/2018/വിജി,** **തീയതി, തിരുവനന്തപുരം 11/02/2018**

പരാമർശം 1) 08/01/2014 ലെ സ.ഉ (സാധാ)നം.8/2014/വിജി നമ്പർ സർക്കാർ ഉത്തരവ്.

2) ശ്രീ. കെ.പി കൃഷ്ണൻ സമർപ്പിച്ച 15/06/2015,20/08/2015 എന്നീ തീയതികളിലെ പുന:പരിശോധന ഹർജികൾ.

## ഉത്തരവ്

VC 11/2000/PKD ട്രാപ്പ് കേസിൽ പ്രതിയാക്കപ്പെട്ട ഒറ്റപ്പാലം മുൻ ഫോറസ്റ്റ്, റേഞ്ച് ഓഫീസർ ശ്രീ.കെ.പി.കൃഷ്ണനെതിരെ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ, വിശദമായ അന്വേഷണത്തിനുശേഷം ശ്രീ.കെ.പി.കൃഷ്ണന്റെ മാസപ്പെൻഷനിൽ നിന്നും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 റൂൾ 3 പ്രകാരം 25% വീതം 5 വർഷത്തേക്ക് തടഞ്ഞുവെയ്ക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും .പ്രസ്തുത ശിപാർശ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് ശ്രീ.കെ.പി.കൃഷ്ണനെതിരായ അച്ചടക്ക നടപടി മാസപ്പെൻഷനിൽ നിന്നും 25% വീതം 5 വർഷത്തേക്ക് തടഞ്ഞുവെയ്ക്കുന്നതിന് തീരുമാനിച്ച്,തീർപ്പാക്കിക്കൊണ്ട് പരാമർശം (1)പ്രകാരം ഉത്തര വായിരുന്നു.

മേൽ സർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.പി.കൃഷ്ണൻ സമർപ്പിച്ച പരാമർശം (2) ലെ റിവ്യൂ ഹർജികളുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ട സമയത്ത് മാസപ്പെൻഷനിൽ നിന്നും 25% തടഞ്ഞുവെയ്ക്കുന്നത് 5 വർഷം എന്നുള്ളത് ഒരു വർഷമായി കുറയ്ക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും,റിട്ടയേർഡ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ (ഒറ്റപ്പാലം) ശ്രീ.കെ.പി.കൃഷ്ണന്റെ മാസ പെൻഷനിൽ നിന്നും 25% വീതം 5 വർഷത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് അച്ചടക്ക നടപടി പൂർത്തിയാക്കി പുറപ്പെടുവിച്ച പരാമർശം (1)ലെ സർക്കാർ ഉത്തരവ് പുന:പരിശോധിച്ച്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം കണക്കിലെടുത്ത്

ശ്രീ.കെ.പി.കൃഷ്ണന് പെൻഷന് അർഹമായ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് മിനിമം മ

പെൻഷൻ ലഭിക്കുന്ന വിധം കുറവു വരുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സുബ്രത ബിശ്വാസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ .കെ .പി കൃഷ്ണൻ,ഫോറസ്റ്റ് റേഞ്ച് ഓഫീസർ(റിട്ടയേർഡ്),കരോട്ടുകുടിയിൽ വീട്,ചേലക്കാട്
പി.ഒ.കോതമംഗലം ,എറണാകുളം
വനം വന്യജീവി വകുപ്പ്
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ ),തിരുവനന്തപുരം.
വിജിലൻസ് ട്രിബ്യൂണൽ ,കോഴിക്കോട്
ഡയറക്ടർ. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി. കേരള നിയമസഭ.തിരുവനന്തപുരം.
സെക്രട്ടറി.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (07/02/2018 ലെ ഇനം.നം.1896 പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-02-2018

ഫയൽ നം.7843/ഇ4/2015/വിജി. ഇനം നം: 1896

വിഷയം : വിജിലൻസ് വകുപ്പ് - റിട്ടയേർഡ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ. കെ.പി. കൃഷ്ണനെതിരായ അച്ചടക്ക നടപടി - പുനഃപരിശോധിക്കണമെന്നപേക്ഷിച്ച് സമർപ്പിച്ച ഹർജി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

Issue
Draft L.O.
Sd/-
8/2/2018
J.S.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | 7843/ഇ4/2015/വി.ജി. |
| 2. വകുപ്പ് | വിജിലൻസ് (ഇ) വകുപ്പ് |
| 3. വിഷയം | വിജിലൻസ് വകുപ്പ് - റിട്ടയേർഡ് ഫോറെസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ. കെ പി കൃഷ്ണനെതിരായ അച്ചടക്കനടപടി - പുനഃ പരിശോധിക്കണമെന്നപേക്ഷിച്ച് സമർപ്പിച്ച ഹർജി- സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/01/18 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | (i) അല്ല.<br>(ii) ഇല്ല. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ലതാകുമാരി എം.ബി |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. സുബ്രതാ ബിശ്വാസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/01/18 |
| 10. മന്ത്രിസഭയ്ക്കുള്ള കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ പോൾ ആന്റണി |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/01/18 |
| 12. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/02/18 |
| 14 കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/02/18 |
| 15. മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണ റിപ്പോർട്ടിന്മേലുള്ള കേസ് നം. 3/2003 ശിപാർശയുടെ അടിസ്ഥാനത്തിൽ റിട്ടയേർഡ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ.കെ.വി.കൃഷ്ണനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ GO(Rt).8/2014/Vig dated 08.01.2014 പുന:പരിശോധിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) VC 11/2000/PKD ട്രാപ്പ് കേസിൽ പ്രതിയാക്കപ്പെട്ട ഒറ്റപ്പാലം മുൻ ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ.കെ.വി.കൃഷ്ണനെതിരെ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണത്തിന് സ.ഉ (കൈ) നം.21/2003/വിജി. തീയതി. 15.05.2003 പ്രകാരം സർക്കാർ ഉത്തരവിട്ടിരുന്നു. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ, വിശദമായ അന്വേഷണത്തിനുശേഷം ശ്രീ.കെ.വി.കൃഷ്ണന്റെ മാസപ്പെൻഷനിൽ നിന്നും 25% വീതം 5 വർഷത്തേക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 റൂൾ 3 പ്രകാരം തടഞ്ഞുവെയ്ക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയും ശ്രീ.കെ.വി.കൃഷ്ണനെതിരായ അച്ചടക്ക നടപടി കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 റൂൾ 3 പ്രകാരം ടിയാന്റെ മാസപ്പെൻഷനിൽ നിന്നും 25% വീതം 5 വർഷത്തേക്ക് തടഞ്ഞുവെയ്ക്കുന്നതിന് തീരുമാനിച്ച്, തീർപ്പാക്കിക്കൊണ്ട് സ.ഉ(സാധാ)നം.08/14/വിജി. തീയതി. 08.01.2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

[illegible]

പ്രകാരം ശ്രീ.കെ.പി.കൃഷ്ണൻ സമർപ്പിച്ച റിവ്യൂ ഹർജിയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടതിൽ നിന്നും ടിയാന്റെ പ്രായാധിക്യവും, ശാരീരിക പ്രശ്നങ്ങളും, സാമ്പത്തിക പരാധീനതകളും ഒഴിച്ച് പ്രസ്തുത സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്നതിനാവശ്യമായ വാദങ്ങൾ ഒന്നും കണ്ടെത്തിയി രുന്നില്ല. നേരിൽ കേട്ട സമയത്ത് ടിയാൻ സമർപ്പിച്ച നിവേദനത്തിൽ സർക്കാർ തീരുമാന പ്രകാരം മാസപ്പെൻഷനിൽ നിന്നും 25% തടഞ്ഞുവെയ്ക്കുന്നത് 5 വർഷം എന്നുള്ളത് ഒരു വർഷമായി കുറയ്ക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

4) ശ്രീ.കെ.പി.കൃഷ്ണൻ 31.08.2008 ൽ സർവ്വീസിൽ നിന്നും വിരമിച്ചതും, 19 വർഷങ്ങൾ മാത്രം യോഗ്യമായ സേവനകാലം ഉള്ളയാളുമാണ്. ശ്രീ.കെ.പി.കൃഷ്ണന് അർഹമായ മാസ പെൻഷൻ തുക 5628 രൂപയാണ്. 08.01.2014 തീയതിയിലെ സ.ഉ(സാധാ) നം.8/2014/വിജി പ്രകാരം അതിന്റെ 25% കുറയ്ക്കുമ്പോൾ 4221/- രൂപയാകും (5628-5628x25/100=4221). ഇത് മിനിമം പെൻഷൻ തുകയായ 4500/- രൂപയേക്കാൾ കുറവാണ്.

*KSR Part III Rule 59(b) Ruling No.3 അനുസരിച്ച് പെൻഷനിൽ കുറവ് വരുത്തുമ്പോൾ പാലിക്കേണ്ട അടിസ്ഥാന തത്വം ഇപ്രകാരമാണ്:*

*"Minimum pension is fixed in consideration of the bare subsistence needs and giving a delinquent officer a pension sufficient to maintain a subsistence level,*

[illegible]

നിന്നും 25% കുറയ്ക്കുന്നത് ഈ കേസിൽ ന്യായീകരിക്കാനാവില്ല.

5) ശ്രീ.കെ.പി.കൃഷ്ണന്റെ ഇപ്പോഴത്തെ പ്രായം 64 വയസാണ്. ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് 9 വർഷങ്ങൾ കഴിഞ്ഞു. 25% തുക പെൻഷനിൽ നിന്നും കുറയ്ക്കുക ഉചിതമല്ലാത്തതിനാൽ ശ്രീ.കെ.പി.കൃഷ്ണന്റെ അപേക്ഷ മാനുഷിക പരിഗണന നൽകി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ മാത്രം 5 വർഷത്തേയ്ക്ക് കുറവു ചെയ്യാവുന്നതാണെന്ന് സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും, ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇക്കാര്യങ്ങൾ പരിശോധിക്കുകയും, മാസ പെൻഷനിൽ നിന്നും 200/- രൂപ കുറവു ചെയ്യുന്നത് ടിയാൻ ചെയ്ത കുറ്റത്തിന്റെ കാഠിന്യം കണക്കിലെടുത്ത് ഇത് തുച്ഛമായ തുകയാണെന്നും മാത്രവുമല്ല ടിയാൻ കുറ്റം നിഷേധിച്ചിട്ടുമില്ലാത്ത സാഹചര്യത്തിൽ സർക്കാർ ശിപാർശയോട് യോജിക്കാനാവില്ലെന്നും ഉപദേശം ലഭിക്കുകയും ചെയ്തിരുന്നു.

6) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിയോജിപ്പ് സഹിതം ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഒരിക്കൽകൂടി പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ഇക്കാര്യത്തിൽ ആരായാൻ ഉത്തരവാകുകയും ചെയ്തിരുന്നു. അതനുസരിച്ച് വീണ്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തപ്പോൾ കമ്മീഷൻ വിയോജിപ്പാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് വീണ്ടും ചാക്രമണം ചെയ്യപ്പോൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം കണക്കിലെടുത്ത് മിനിമം പെൻഷൻ ലഭിക്കുന്ന വിധം കുറവ്വ വരുത്താം എന്ന നിർദ്ദേശം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

റിട്ടയേർഡ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ (ഒറ്റപ്പാലം) ശ്രീ.കെ.പി.കൃഷ്ണന്റെ മാസ പെൻഷനിൽ നിന്നും 25% വീതം 5 വർഷത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് അച്ചടക്ക നടപടി പൂർത്തിയാക്കി പുറപ്പെടുവിച്ച 08.01.2014-ലെ സ.ഉ(സാധാ)നം.08/2014/വിജി. നമ്പർ ഉത്തരവ് പുന:പരിശോധിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം കണക്കിലെടുത്ത് ശ്രീ.കെ.പി.കൃഷ്ണന് പെൻഷന് അർഹമായ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് മിനിമം മാസ പെൻഷൻ ലഭിക്കുന്ന വിധം കുറവ്വ വരുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ ?

GOVERNMENT OF KERALA

Abstract

**Vigilance Department- Sri.K.P.Krishnan,formerly Forest Range Officer, Ottappalam - finalisation of disciplinary action - imposing a penalty of withholding 25% of the monthly pension for a period of 5 years - orders issued.**

---

**Vigilance (E) Department**

GO(Rt) No.08/2014/Vig Dated, Thiruvananthapuram, 08/01/2014

---

Read: 1. GO (MS) No.21/03/Vig dated 15/5/2003.

2. Letter No. EC3/03/VTK dated 3/3/2011 of Vigilance Tribunal , Kozhikode.

3. Show Cause Notice issued to Sri.K.P.Krishnan dated 23/7/2012.

4. Written Statement of Defence dated 27/8/2012 submitted by Sri.K.P.Krishnan.

5. Letter No.A1(2) 4995/13/GW dated 21/10/2013 of the Secretary ,Kerala Public Service Commission, Thiruvananthapuram.

## ORDER

On the basis of a complaint filed by Sri.T.N.Rajendran against Sri.K.P.Krishnan, the then Forest Range Officer, Ottappalam that the latter demanded Rs.25000/- as bribe for the release of teak logs seized by the Forest Officials, a case in VC 11/2000/PKD, u/s 7 of the PC Act 1988 was registered at Vigilance & Anti-Corruption Bureau Police Station Palakkad, against the accused officer.

2) The complainant alleged that the accused officer demanded the bribe amount of Rs.25000/- for issuing transportation pass to the Teak logs, seized and kept in the Forest Range Office, Ottappalm. A trap was conducted by Vigilance & Anti-Corruption Bureau Palakkad Unit and case in VC 11/2000/PKD registered. The Director, Vigilance & Anti-Corruption Bureau submitted the factual report recommending a Vigilance Tribunal Enquiry against the accused officer. Government after examining the factual report, ordered a Vigilance Tribunal enquiry vide GO read as 1st paper above and framed following charges against Sri.K.P.Krishnan:

"(a) That Sri.K.P.Krishnan, while working as a Government servant in the capacity of Forest Range Officer, Ottappalam Forest Range, abused his official position and demanded Rs.15000/- as bribe from Sri.T.N.Rajendran for releasing the vehicle belonging to him along with the teak logs seized by the Forest Officials attached to Pattambi section on 27/4/2000.

(b) Demanded Rs.25000/- on 28/4/2000 and 26/5/2000 from Sri.T.N.Rajendran for issuing transportation pass for 13 teak logs along with some other timber pieces and accepted Rs.10000/- being the first instalment on 29/5/2000.

(c) During the trap conducted by the Deputy Superintendent of Police, Vigilance & Anti-corruption Bureau, Palakkad , after registering VC 11/2000/PKD, an amount of Rs.37,600/- was found and seized from his room and the investigation disclosed that the said amount was the bribe money collected by him from various persons for issuing false permits."

3) The Vigilance Tribunal, Kozhikode conducted a detailed enquiry in this case and submitted the report vide his letter 2nd referred to above in which it is reported that the accused officer is guilty of the charges levelled against him. The Vigilance Tribunal, considering the facts that the accused officer was under suspension from service from 25/2/2000 to 13/2/2003 and as no previous punishment was awarded to him, took a lenient view in awarding punishment and recommended as follows:

a) To withhold 25% of the monthly pension of the accused officer for 5 years under Rule 3, Part III KSRs.

b) To confiscate the recovered amount of Rs.37600/- from the room of the accused officer to Government account.

c) To return the trap amount of Rs.10000/- to Sri.T.N.Rajendran, the complainant.

4) Government have accepted the recommendations of the Vigilance Tribunal,Kozhikode and took a provisional decision to withhold 25% of the monthly pension of Sri.K.P.Krishnan, the accused officer for a period of 5 years under Rule 3,Part III KSRs. Accordingly, Show Cause Notice as 3rd referred to above was served on him .

5) In his Written Statement of Defence, Sri.K.P.Krishnan denied all the charges levelled against him stating that the findings of the Vigilance Tribunal are against law and it has misinterpreted the evidence and also failed to appreciate the evidence in its true perspective.

The accused officer has therefore requested Government to take a lenient view and to absolve him from all the charges and to return the amount recovered from him.

6) Sri.K.P.Krishnan was heard in person on 5/2/2013. In the hearing, he reiterated the contentions raised in the reply furnished to the Show Cause Notice. On perusal of the arguments put forward by Sri.K.P.Krishnan, it appears that they deserve no merit. His arguments that since he was away on official duty on 28/4/2000 and hence there is no chance to accept the bribe and that the money seized from his room by the Vigilance team may perhaps be planned by somebody, cannot be taken into account.

7) Government examined the matter in detail and decided that the provisional decision taken earlier by the Government to withhold 25% of the monthly pension of Sri.K.P.Krishnan, Forest Range Officer (Rtd.), Ottappalam, for a period of 5 years, under Rule 3, Part III KSRs need not, be reconsidered. The advice of the Kerala Public Service Commission was sought in the matter.

8) The Kerala Public Service Commission examined the matter in detail and agreed to the Government proposal to withhold 25% of the monthly pension of Sri.K.P.Krishnan, Forest Range Officer (Rtd), Ottappalam ,for a period of 5 years under Rule 3, Part III KSRs,vide letter 5th referred to above.

9) In the circumstances, the disciplinary action initiated against Sri.K.P.Krishnan, Forest Range Officer (Rtd.) is finalised by awarding the punishment of withholding 25% of the monthly pension of Sri. K.P.Krishnan, Forest Range Officer (Rtd),Ottappalam for a period of 5 years under Rule 3, Part III KSRs.

By Order of the Governor

L.Radhakrishnan,
Principal Secretary to Government.

To

1. Sri.K.P.Krishnan, Forest Range Officer (Rtd), Karottukudiyil Veedu, Chelad .P.O, Kothamangalam, Ernakulam -686681

2. The Secretary, Kerala Public Service Commission, Pattom

3. The Chief Conservator of Forest (Administration), Thiruvananthapuram

4. Forest & Wild Life Department

5. The Director, Vigilance & Anti-Corruption Bureau, Thiruvananthapuram.

6. Vigilance Tribunal ,Kozhikode

7. Stock File / Office Copy

Forwarded/By Order

Section Officer